എനർജി മാനേജ്മെന്റ് സെന്റർ ന്യൂസ്‌ലെറ്റർ

# ഊർജ്ജപത്രിക

Oorja Pathrika | A Newsletter from Energy Management Centre- Kerala

വാല്യം- 4, ലക്കം 10 | 2023 ഒക്ടോബർ 05



# ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസിൽ ഹൈഡ്രജൻ ശുദ്ധീകരണ പ്ലാന്റ്

## കരട് പദ്ധതി രേഖ അവതരണം നടത്തി

**കേ**രള സർക്കാർ പൊതുമേഖലാ സ്ഥാപനമായ ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡിൽ (ടി.സി.സി.) ഉല്പാദിപ്പിക്കുന്ന ഹൈഡ്രജന്റെ ഗുണനിലവാരം ഉയർത്തുന്നതിനുള്ള ശുദ്ധീകരണ പ്ലാന്റ് സ്ഥാപിക്കുന്നതിനായി തയ്യാറാക്കിയ കരട് പദ്ധതി രേഖ അവതരിപ്പിച്ചു. സെപ്റ്റംബർ 30 ന് ഇ.എം.സി.യിൽ നടന്ന ചടങ്ങിൽ സംസ്ഥാന ഊർജ്ജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി കെ. ആർ. ജ്യോതിലാൽ ഐ.എ.എസ്. അദ്ധ്യക്ഷത വഹിച്ചു. ഇ.എം.സി.യാണ് പദ്ധതിരേഖ തയ്യാറാക്കുന്നതിനുള്ള മുഴുവൻ ചിലവും വഹിക്കുന്നത്.

വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കുന്നതിനായി ചെന്നൈയിലെ ഫിഷ്നെർ കൺസൾട്ടിംഗ് എഞ്ചിനീയേഴ്സ് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡിനെ ടി.സി.സി. നിയോഗിച്ചിരുന്നത്. ഫിഷ്നെർ ഇന്ത്യ പ്രതിനിധികളായ സതീഷ് സുബ്ബറാവു, പ്രഭാകരൻ എന്നിവർ കരട് പദ്ധതി രേഖ അവതരിപ്പിച്ചു.

ചടങ്ങിൽ ഇ.എം.സി. ഡയറക്ടർ ഡോ. ആർ. ഹരികുമാർ സ്വാഗതമാശംസിച്ചു. അനെർട്ട് സി.ഇ.ഒ. നരേന്ദ്രനാഥ് വേലൂരി ഐ.എഫ്.എസ്., ടി.സി.സി. ജനറൽ മാനേജർ രാജീവ് ആർ. എന്നിവർ സന്നിഹിതനായിരുന്നു. ഇ.എം.സി., ടി.സി.സി., ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസ് ലിമിറ്റഡ് എന്നിവയിലെ ഉദ്യോഗസ്ഥർ ചടങ്ങിൽ പങ്കെടുത്തു.

കാസ്റ്റിക് സോഡ, ക്ലോറിൻ, അനുബന്ധ രാസവസ്തുക്കൾ എന്നിവയുടെ നിർമ്മാണത്തിലും വിപണനത്തിലും ഏർപ്പെട്ടിരിക്കുന്ന ഒരു സുപ്രധാന ഘന രാസ വ്യവസായമാണ് കൊച്ചിയിലെ ടി.സി.സി. ഇവിടത്തെ കാസ്റ്റിക് സോഡ പ്ലാന്റുകളിൽ ഉപോൽപന്നമായി പ്രതിദിനം 6.25 ടൺ ഹൈഡ്രജൻ ഉത്പാദിക്കപ്പെടുന്നുണ്ട്. അതിൽ നിന്നും 3.75 ടൺ ഹൈഡ്രോ ക്ലോറിക് ആസിഡ് ഉൽപ്പാദിപ്പിക്കുന്നതിനായി ഉപയോഗിച്ച ശേഷം 2.5 ടൺ ഹൈഡ്രജൻ നിലവിൽ ബോയിലറിൽ ഇന്ധനമാക്കുന്നു. ഈ 2.5 ടൺ ഹൈഡ്രജൻ ഗതഗതാവശ്യങ്ങൾക്ക് ഉപയോഗപ്രദമായ അളവിൽ ശുദ്ധീകരിക്കുന്നതി നായുള്ള പ്ലാന്റ് സ്ഥാപിക്കുന്നതിന് വേണ്ടിയാണ് ഡി.പി.ആർ. തയ്യാറാക്കിയത്.

> TCC യിൽ നിലവിൽ ഉത്പാദിപ്പിക്കുന്ന ഹൈഡ്രജൻ വാഹനങ്ങളിൽ ഇന്ധന യോഗ്യമാക്കിയാൽ കേരളത്തിലെ ഗതാഗത മേഖലയിൽ വിപ്ലവകരമായ നേട്ടമായിരിക്കും സൃഷ്ടിക്കപ്പെടുക. ശുദ്ധീകരിച്ച ഹൈഡ്രജൻ കെ.എസ്.ആർ.ടി.സി, കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് എന്നീ സ്ഥാപങ്ങൾക്കും മറ്റ് സംരംഭങ്ങൾക്കും ഹരിത ഇന്ധനമായി ഉപയോഗിക്കാനാണ് പദ്ധതിയിടുന്നത്.



## ഊർജ്ജസംരക്ഷണ അവാർഡ് 2023

### അപേക്ഷകൾ ഒക്ടോബർ 31 വരെ

**കേ**രളത്തിൽ നടപ്പിലാക്കിയ ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ അംഗീകരിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി സംസ്ഥാന സർക്കാർ 2023- ലെ കേരള സംസ്ഥാന ഊർജസംരക്ഷണ അവാർഡുകൾക്കുള്ള അപേക്ഷ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾക്കും അപേക്ഷാ ഫോമിനുമായി www.keralaenergy.gov.in സന്ദർശിക്കുക. പൂരിപ്പിച്ച **അപേക്ഷകൾ ഒക്ടോബർ 31-നകം** ecawardsemc@gmail.com എന്ന ഇ-മെയിൽ വഴി സമർപ്പിക്കാവുന്നതാണ്.

## ഇ.എം.സി.ക്ക് SEEM ദേശീയ പുരസ്കാരം




സൊസൈറ്റി ഓഫ് എനർജി എഞ്ചിനീർസ് ആന്റ് മാനേജർസിന്റെ (SEEM) 2023-ലെ മികച്ച സംസ്ഥാന നിയുക്ത ഏജൻസിക്കുള്ള (SDA) ദേശീയ പുരസ്കാരം സെപ്റ്റംബർ 21 ന് ഡൽഹിയിൽ സംഘടിപ്പിച്ച ചടങ്ങിൽ ഇ.എം.സി. ജോയിന്റ് ഡയറക്ടർ ദിനേഷ് കുമാർ എ. എൻ. ഏറ്റുവാങ്ങുന്നു.

# നവകേരളം കർമപദ്ധതി
## റിസോഴ്സ് പേഴ്സൺമാർക്കുള്ള പരിശീലനം

**ന**വകേരളം കർമപദ്ധതിയിലെ റിസോഴ്സ് പേഴ്സൺമാർക്കുള്ള ദ്വിദിന പരിശീലനം സെപ്റ്റംബർ 28,29 തീയതികളിലായി ഇ.എം.സി.യിൽ സംഘടിപ്പിച്ചു. ഹരിതഗൃഹവാതകങ്ങളുടെ ബഹിർഗമനം കുറയ്ക്കുകയും അതുവഴി നെറ്റ് സീറോ കാർബൺ കേരളം കെട്ടിപ്പടുക്കുന്നതിനുള്ള ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളെ ത്വരിതപ്പെടുത്തുന്നതിനായുള്ള പദ്ധതികൾ ആവിഷ്കരിക്കുകയാണ് പരിശീലനത്തിന്റെ ലക്ഷ്യം. പരിശീലനത്തിൽ ഇ.എം.സി.യുടെ ഉദ്യോഗസ്ഥർ, നവകേരളം കർമപദ്ധതിയുടെ ഉദ്യോഗസ്ഥർ, ഊർജരംഗത്തെയും കാർഷികരംഗത്തെ വിദഗ്ധർ തുടങ്ങിയവർ ക്ലാസുകൾ നയിച്ചു. ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള 85 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികളാണ് പങ്കെടുത്തത്.



നവകേരളം കർമപദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ച പരിശീലന പരിപാടിയിൽ അഡീഷണൽ ചീഫ് സെക്രട്ടറി കെ.ആർ. ജ്യോതിലാൽ IAS സംസാരിക്കുന്നു

# സൂര്യ നൂതൻ; ഇ.എം.സി. സംഘം പ്ലാന്റ് സന്ദർശിച്ചു



ഇ.എം.സി. സംഘം 'സൂര്യ നൂതൻ' ഗാന്ധിനഗറിലെ IOCL പ്ലാന്റിൽ നിർമിച്ച കുക്കിംഗ് സിസ്റ്റത്തോടൊപ്പം

**ഇ**ന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡിന് കീഴിലുള്ള ഗാന്ധിനഗറിലെ IOC R&D വികസിപ്പിച്ചെടുത്ത 'സൂര്യ നൂതൻ' സോളാർ കുക്കിംഗ് സിസ്റ്റം നിർമിക്കുന്ന പ്ലാന്റ് ഇ.എം.സി. സംഘം സന്ദർശിച്ചു. ഇ.എം.സി. രജിസ്ട്രാർ സുഭാഷ് ബാബു ബി. വി., എനർജി ടെക്നോളജിസ്റ്റ് സന്ദീപ് കെ. എന്നിവരാണ് പ്ലാന്റ് സന്ദർശിച്ചത്. IOCL വികസിപ്പിച്ച തദ്ദേശീയ ഇൻഡോർ സോളാർ കുക്കിംഗ് സിസ്റ്റമാണ് 'സൂര്യ നൂതൻ'.

രാജ്യത്തെ ഭവനങ്ങൾക്ക് അനുയോജ്യമായ കുക്കിംഗ് സിസ്റ്റം എന്ന നിലയ്ക്കാണ് IOCL സൂര്യ നൂതൻ വികസിപ്പിച്ചത്. സൗരോർജം താപോർജമായി സംഭരിച്ച് ആവശ്യാനുസരണം ഉപയോഗിക്കാവുന്നതും എപ്പോഴും അടുക്കളയുമായി ബന്ധിപ്പിച്ചിട്ടുള്ളതുമായ ഒരു ഇൻഡോർ പാചക സംവിധാനമാണ് സൂര്യ നൂതൻ.

# കോൺഫഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രിയുടെ അവാർഡ് ജൂറി മീറ്റിംഗ്

**കോ**ൺഫഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി(CII) യുടെ 24–ാമത് നാഷണൽ എനർജി കൺസർവേഷൻ അവാർഡ് നിർണയ സമിതിയിൽ ജൂറി അംഗമായി ഇ.എം.സി. ഡയറക്ടർ ഡോ. ആർ. ഹരികുമാർ പങ്കെടുത്തു. സെപ്റ്റംബർ 13, 14 തീയതികളിൽ ഹൈദരാബാദിലുള്ള നൊവോട്ടേൽ കൺവെൻഷൻ സെന്ററിൽ വച്ച് നടന്ന ജൂറി യോഗത്തിൽ റിഫൈനറി, വളം, രാസവസ്തുക്കൾ, ഫാർമസ്യൂട്ടിക്കൽസ് എന്നിങ്ങനെ നാല് പ്രധാന മേഖലകളിൽ നിന്ന് തിരഞ്ഞെടുത്ത 24 വ്യവസായ സ്ഥാപനങ്ങളുടെ അവലോകനം നടന്നു.



ഇ.എം.സി. ഡയറക്ടർ ഡോ. ആർ. ഹരികുമാർ മറ്റ് ജൂറി അംഗങ്ങൾക്കൊപ്പം

# കാലാവസ്ഥാ അതിജീവനശേഷിയും ഊർജ്ജകാര്യക്ഷമതയും കാർഷിക മേഖലയിൽ

## ജില്ലാതല ശില്പശാലകൾ പുരോഗമിക്കുന്നു

**കാ**ർഷിക വികസന– കർഷക ക്ഷേമ വകുപ്പും, എനർജി മാനേജ്മന്റ് സെന്ററും ചേർന്ന് അസർ, എക്വിനോക്ട് എന്നീ സംഘടനകളുടെ സഹകരണത്തോടെ 'കാലാവസ്ഥ അതിജീവനശേഷിയും ഊർജ്ജകാര്യക്ഷമതയും കാർഷിക മേഖലയിൽ' എന്ന വിഷയത്തിൽ ജില്ലാതല ഏകദിന ശില്പശാലകൾ സംഘടിപ്പിച്ചുവരുന്നു. സെപ്റ്റംബർ മാസത്തിൽ മൂന്ന് ശില്പശാലകളാണ് പൂർത്തിയായത്. എറണാകുളം, കൊല്ലം, കോട്ടയം എന്നീ ജില്ലകളിലെ ശില്പശാലകൾ മികച്ച പങ്കാളിത്തത്തോടെ സംഘടിപ്പിച്ചു.




എറണാകുളത്ത് സംഘടിപ്പിച്ച ജില്ലാതല ഏകദിന ശില്പശാലയിൽ ഇ.എം.സി. ഊർജകാര്യക്ഷമത വിഭാഗം മേധാവി ശ്രീ. ജോൺസൺ ഡാനിയൽ സംസാരിക്കുന്നു

എറണാകുളം ജില്ലയിൽ സെപ്റ്റംബർ 5 ന് കലക്ടറേറ്റ് കോൺഫറൻസ് ഹാളിലാണ് ശില്പശാല സംഘടിപ്പിച്ചത്. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ഉല്ലാസ് തോമസ് ശില്പശാല ഉദ്ഘാടനം ചെയ്തു. ജില്ലാ കളക്ടർ എൻ. എസ്. കെ. ഉമേഷ് IAS മുഖ്യപ്രഭാഷണം നടത്തി. അഗ്രികൾച്ചർ ഡെപ്യൂട്ടി ഡയറക്ടർ ടാനി തോമസ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് അംഗം എ. എസ്. അനിൽകുമാർ, ഡെപ്യൂട്ടി കളക്ടർ ഉഷാ ബിന്ദുമോൾ, എക്വിനോക്ട് എം.ഡി. ഡോ. സി. ജയരാമൻ എന്നിവർ പങ്കെടുത്തു. ഇ.എം.സി. ഊർജ്ജകാര്യക്ഷമത വിഭാഗം തലവൻ ജോൺസൺ ഡാനിയൽ സ്വാഗതം ആശംസിച്ചു.

കൊല്ലം ജില്ലാ പഞ്ചായത്ത് ഹാളിൽ സെപ്റ്റംബർ 8 ന് സംഘടിപ്പിച്ച ശില്പശാല ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡോ. പി. കെ. ഗോപൻ ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ എ. ജെ. സുനിൽ അധ്യക്ഷത വഹിച്ച ചടങ്ങിൽ ഇ.എം.സി.യിലെ എനർജി ടെക്നോളജിസ്റ്റ് റ്റോംസൺ സെബാസ്റ്റ്യൻ സ്വാഗതം ആശംസിച്ചു.

കോട്ടയം ജില്ലയിലെ ശില്പശാല സെപ്റ്റംബർ 12 ന് തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ വെച്ച് സംഘടിപ്പിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ. വി. ബിന്ദു ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ പ്രീത പോൾ അധ്യക്ഷത വഹിച്ച ചടങ്ങിൽ ഇ.എം.സിയിലെ ഊർജ്ജകാര്യക്ഷമത വിഭാഗം തലവൻ ജോൺസൺ ഡാനിയൽ സ്വാഗതം ആശംസിച്ചു. അസറിലെ സ്റ്റേറ്റ് ക്ലൈമറ്റ് ആക്ഷൻ വിഭാഗം ഡയറക്ടർ പ്രിയ പിള്ള ചടങ്ങിൽ നന്ദി പ്രകാശിപ്പിച്ചു.

## MICA അധികൃതരുമായി ഇ.എം.സി. ചർച്ച നടത്തി



**സ്**ട്രാറ്റജിക് കമ്മ്യൂണിക്കേഷൻ ആന്റ് ഇൻഫർമേഷൻ രംഗത്തെ പ്രഗത്ഭരായ അഹമ്മദാബാദിലെ മുദ്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കേഷനിലെ (MICA) സെന്റർ ഫോർ ഡവലപ്മെന്റ് മാനേജ്മെന്റ് ആന്റ് കമ്മ്യൂണിക്കേഷൻ (CDMC) വിഭാഗവുമായി ഇ.എം.സി. ഉദ്യോഗസ്ഥർ ചർച്ച നടത്തി. രജിസ്ട്രാർ സുഭാഷ് ബാബു ബി. വി., എനർജി ടെക്നോളജിസ്റ്റ് സന്ദീപ് കെ. എന്നിവരാണ് ഇ.എം.സി.യെ പ്രതിനിധീകരിച്ച് ചർച്ചയിൽ പങ്കെടുത്തത്. ഊർജ്ജസംരക്ഷണ വിഷയത്തിൽ വിവിധ മേഖലകൾക്കുതകുന്ന രീതിയിലുള്ള വിവരവിജ്ഞാന കൈമാറ്റത്തിനുള്ള ഫലപ്രദമായ ഇടപെടൽ നടത്തുന്നതിനാവശ്യമായ ആശയങ്ങൾ രൂപപ്പെടുത്തുകയാണ് ഈ സഹകരണത്തിലൂടെ ലക്ഷ്യമിടുന്നത്.

## കോളേജ് വിദ്യാർത്ഥികൾക്ക് ഊർജസംരക്ഷണ സെമിനാർ



**2023** സെപ്റ്റംബർ 25 ന് തിരുവനന്തപുരം ജില്ലയിലെ കരകുളത്ത് പ്രവർത്തിക്കുന്ന ജി. കരുണാകരൻ മെമ്മോറിയൽ കോ–ഓപ്പറേറ്റീവ് കോളേജ് ഓഫ് മാനേജ്മെൻറ് ആൻഡ് ടെക്നോളജിയിൽ നിന്നുള്ള വിദ്യാർത്ഥികൾക്കും അധ്യാപകർക്കുമായി ഊർജസംരക്ഷണ സെമിനാർ സംഘടിപ്പിച്ചു. ഇ.എം.സി.യിൽ വച്ച് നടത്തിയ സെമിനാറിൽ എനർജി ടെക്നോളജിസ്റ്റ് സന്ദീപ് കെ. സ്വാഗതം പറഞ്ഞു. രജിസ്ട്രാർ സുഭാഷ് ബാബു ബി. വി. ഉദ്ഘാടന പ്രഭാഷണം നടത്തി. എനർജി ടെക്നോളജിസ്റ്റ് രാജീവ് കെ. ആർ. ഊർജസംരക്ഷണത്തെക്കുറിച്ചുള്ള ക്ലാസ് നയിച്ചു.

# മിൽമ ഡയറി യൂണിറ്റുകളിലെ ഊർജ്ജ ഓഡിറ്റ് റിപ്പോർട്ടുകൾ അവതരിപ്പിച്ചു

മിൽമയുടെ 14 ഡയറി യൂണിറ്റുകളിൽ ഇ.എം.സി. നടത്തിയ ഊർജ ഓഡിറ്റുകളുടെ റിപ്പോർട്ട് അവതരണങ്ങൾ സെപ്റ്റംബർ 23-ന് നടന്നു. മിൽമ ഡയറി യൂണിറ്റുകളിൽ ഊർജസംരക്ഷണ മാർഗ്ഗങ്ങൾ നടപ്പിലാക്കുന്നതിനെക്കുറിച്ചും, ഹരിതോർജത്തിന്റെയും കോജനറേഷന്റെയും സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനെക്കുറിച്ചും ചർച്ചകൾ നടന്നു.



മിൽമ ഡയറി യൂണിറ്റുകളുടെ എനർജി ഓഡിറ്റുകളുടെ അവലോകന യോഗം

ഇ.എം.സി.യിൽ നടന്ന യോഗത്തിൽ ഡയറക്ടർ ഡോ. ആർ. ഹരികുമാർ ഉദ്ഘാടന പ്രഭാഷണം നടത്തി. ഇ.എം.സി. എംപാനൽഡ് എനർജി ഓഡിറ്റിംഗ് സ്ഥാപനങ്ങളായ ഓട്ടോഡാക്ഷൻസ്, കേരള സ്റ്റേറ്റ് പ്രൊഡക്റ്റിവിറ്റി കൗൺസിൽ, അതുൽ എനർജി കൺസൾട്ടന്റ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്നിവരാണ് ഊർജ ഓഡിറ്റുകൾ നടത്തിയത്. സ്ഥാപനങ്ങളെ പ്രതിനിധീകരിച്ച് സുരേഷ് ബാബു ബി.വി., കെ.എം. ഷാനവാസ്, സന്തോഷ് എ. എന്നിവർ ഊർജ ഓഡിറ്റ് റിപ്പോർട്ടുകൾ അവതരിപ്പിച്ചു.

നാഷണൽ പ്രൊഡക്റ്റിവിറ്റി കൗൺസിലിന്റെ മുൻ ഡയറക്ടർ ഡോ. ജെ. നാഗേഷ് കുമാർ എനർജി ഓഡിറ്റ് റിപ്പോർട്ടുകൾ വിലയിരുത്തുകയും അവയിൽ പ്രതിപാദിച്ചിരിക്കുന്ന ഊർജ്ജസംരക്ഷണ മാർഗ്ഗങ്ങൾ, ഹരിതോർജത്തിന്റെയും കോജനറേഷന്റെയും സാധ്യതകൾ എന്നിവയെക്കുറിച്ചുള്ള തന്റെ കാഴ്ചപ്പാടുകൾ വിശദീകരിച്ചു. ഇ.എം.സി.യിലെ ഊർജ്ജകാര്യക്ഷമത വിഭാഗം മേധാവി ജോൺസൺ ഡാനിയൽ ചടങ്ങിൽ നന്ദി അറിയിച്ചു.

# ഉണർവ് ഊർജസംരക്ഷണ പരിപാടി

വിദ്യാർത്ഥികൾക്കും അധ്യാപകർക്കുമായി ഇ.എം.സി.യുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചുവരുന്ന "ഉണർവ്" ഊർജ്ജസംരക്ഷണ അവബോധ പരിപാടി വിജയകരമായി പുരോഗമിക്കുന്നു. സെപ്റ്റംബർ മാസത്തിൽ 9 സ്കൂളുകളിൽ നിന്നുള്ള വിദ്യാർത്ഥികളും അദ്ധ്യാപകരുമാണ് പങ്കെടുത്തത്. പരിപാടിയുടെ ഭാഗമായി ഊർജസംരക്ഷണ അവബോധ ക്ലാസുകളും ഹ്രസ്വ ചലച്ചിത്ര പ്രദർശനവും ക്യാമ്പസ് സന്ദർശന പരിപാടിയും നടത്തി. ഇ.എം.സി.യിലെ എനർജി കാലിബ്രേഷൻ ലാബ്, വിവിധ ഊർജപ്ലാന്റുകളുടെ മാതൃകകൾ സജ്ജീകരിച്ച ലാബ്, സോളാർ പവർ ജനറേഷൻ സംവിധാനം തുടങ്ങിയ ഊർജവുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിദ്യാർത്ഥികൾക്ക് നേരിട്ടറിയാൻ അവസരമൊരുക്കി. ഇ.എം.സി. രജിസ്ട്രാർ സുഭാഷ് ബാബു ബി. വി., ഊർജകാര്യക്ഷമത വിഭാഗം മേധാവി ജോൺസൺ ഡാനിയൽ, എനർജി ടെക്നോളജിസ്റ്റുകളായ സന്ദീപ് കെ., ശരത് കൃഷ്ണൻ, രാജീവ് കെ. ആർ., അനൂപ് സുരേന്ദ്രൻ, റ്റോംസൺ സെബാസ്റ്റ്യൻ തുടങ്ങിയവർ ഊർജാവബോധ ക്ലാസുകൾക്ക് നേതൃത്വം നൽകി. ലൈബ്രറി & ഇൻഫർമേഷൻ ഓഫീസറായ സിന്ധു എസ്. കുമാർ പരിപാടികളിൽ നന്ദി പ്രകാശിപ്പിച്ചു.

| ഉണർവ് ഊർജ്ജസംരക്ഷണ പരിപാടിയിൽ പങ്കെടുത്ത സ്കൂളുകളുടെ വിവരങ്ങൾ | | |
|---|---|---|
| നം. | തീയതി | സ്കൂളുകൾ |
| 1 | 2023 സെപ്റ്റംബർ 08 | ഗവൺമെന്റ് ഹൈസ്കൂൾ, മണ്ണന്തല |
| 2 | 2023 സെപ്റ്റംബർ 12 | ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, കഴക്കൂട്ടം |
| 3 | 2023 സെപ്റ്റംബർ 15 | ഗവൺമെന്റ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ, നെടുമങ്ങാട് |
| 4 | 2023 സെപ്റ്റംബർ 16 | ഗവൺമെന്റ് ഹൈസ്കൂൾ, കട്ടച്ചക്കോണം |
| 5 | 2023 സെപ്റ്റംബർ 20 | ഗവൺമെന്റ് എൽ.പി. സ്കൂൾ, പൂവത്തൂർ<br>ഗവൺമെന്റ് എൽ.പി. സ്കൂൾ, കഴുനാട് കല്ലയം |
| 6 | 2023 സെപ്റ്റംബർ 21 | ഗവൺമെന്റ് എൽ.പി. സ്കൂൾ, അരുവിക്കര<br>ഗവൺമെന്റ് ലിറ്റിൽ ഫ്ലവർ എൽ.പി. സ്കൂൾ, കഴുനാട് |
| 7 | 2023 സെപ്റ്റംബർ 23 | DVM NNM ഹയർ സെക്കണ്ടറി സ്കൂൾ, മാറനല്ലൂർ |

Design & Layout: Prajeesh A.



Published by **Dr. R. Harikumar**, Director, EMC

Editorial board
Dr. R. Harikumar (Chief Editor)
Er. Dinesh Kumar A. N. (Editor)
Er. Tomson Sebastian (Member)
Er. Anoop Surendran (Member)
Ms. Kumari Sheela (Circulation)

**Energy Management Centre – Kerala**
Department of Power, Government of Kerala
Sreekrishna Nagar, Sreekariyam. P.O
Thiruvananthapuram – 695017
Tel: 0471-2495922, 24, Fax 0471-2494923
www.keralaenergy.gov.in
Toll Free No. 1800 425 5256